# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട്(1994 ലെ 20–ാം ആക്ട്) 567–ാം വകുപ്പ് (29),(34) ഖണ്ഡിക പ്രകാരം കോഴിക്കോട് മുൻസിപ്പൽ കൗൺസിൽ താഴെപ്പറയുന്ന ബൈലോ നിർമ്മിക്കുന്നു

## പാർട്ട് –1.ഉദ്ദേശ്യം, നിർവ്വചനം, വ്യാഖ്യാനം

**1.1. ഉദ്ദേശ്യം** :

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽപ്പെടുന്ന വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കലും പേവിഷബാധ തടയുന്നതുമായി ബന്ധപ്പെട്ട് ചട്ടങ്ങളും നടപടി ക്രമങ്ങളും അനുശാസിക്കുകയും വ്യവസ്ഥപ്പെടുത്തുകയുമാണ്.

**1.2. നിർവ്വചനങ്ങൾ/വ്യഖ്യാനങ്ങൾ**

1. ആക്ട് എന്നാൽ 1994 ലെ കേരള മുൻസിപ്പൽ ആക്ട് (1994 ലെ 20–ാം) എന്നർത്ഥമാക്കുന്നു.

2. ബ്രീഡർ–നായ്ക്കളെ വാണ്യജ്യാവശ്യത്തിനായി പ്രജനനം നടത്തി വിൽപ്പന നടത്തുന്ന വ്യക്തി.

3. ബ്രീഡർ ലൈസൻസ്– നായ്ക്കളെ വാണിജ്യാവശ്യ ങ്ങൾക്കായി പ്രജ നനം നടത്തി വിൽപ്പന നടത്തുന്നതിനു വേണ്ടിയുള്ള ലൈസൻസ്.

4. കൗൺസിൽ എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ എന്നർത്ഥമാക്കുന്നു.

5. കോർപ്പറേഷൻ എന്നാൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ എന്നുദ്ദേശിക്കുന്നു.

6. മേയർ എന്നാൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ മേയർ (ചെയർ പേഴ്സൺ)

7. ലൈസൻസ് എന്നാൽ ഈ ബൈലോ പ്രകാരം വളർത്തുന്ന നായ്ക്കൾക്ക് അനുവദിച്ചിട്ടുള്ള ലൈസൻസ്.

8. ലൈസൻസി –ഈ ബൈലോ പ്രകാരം നൽകിയ ലൈസൻസ് നേടിയ വ്യക്തി.

9. ഉടമസ്ഥൻ എന്നാൽ

(എ). ഈ ബൈലോ പ്രകാരം നായയെ വളർത്തുന്നതിന് ലൈസൻസ് നേടിയ ആൾ

(ബി).വളർത്തുനായയുടെ സ്വാഭാവിക വാസസ്ഥലം ആരുടെ ഉടമസ്ഥതയിലുള്ള താണോ അയാൾ.

10. സെക്രട്ടറി എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994. 48–ാം വകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട സെക്രട്ടറി ആകുന്നു.

11. ചട്ടങ്ങൾ എന്നാൽ 2001 ലെ മൃഗങ്ങളുടെ ജനനനിയന്ത്രണം (നായ്ക്കൾ) ചട്ടങ്ങൾ എന്നർത്ഥമാക്കുന്നു.

## പാർട്ട് (2) വളർത്തു നായകൾക്കുള്ള ലൈസൻസ്

(2.1.) കോർപ്പറേഷൻ പരിധിയിൽ നായയെ വളർത്തുവാൻ ഈ ബൈലോ പ്രകാരം അനുവദിക്കുന്ന ലൈസൻസ് നേടേണ്ടതാണ്.

(2.2.) ഈ ബൈലോ പ്രകാരം ഒരു നായ കൈവശത്തിലോ നിയന്ത്രണ ത്തിലോ ഉള്ള ഏതൊരാളും പുതുതതായി ലൈസൻസിനു അപേക്ഷി ക്കുമ്പോഴോ പുതുക്കുമ്പോഴോ താഴെപ്പറയുന്ന രേഖകൾ കോർപ്പറേഷൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്

(എ). നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ നായയുടെ പ്രായം, ഇനം, വയസ്സ്, ലിംഗം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം

(ബി).ഒരു വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ വാക്സിനേഷൻ സർട്ടിഫിക്കറ്റും അതിൽ ഏതു വാക്സിനാണെന്നും അതിന്റെ കാലാവധിയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം

(2.3). **ബ്രീഡർ ലൈസൻസ്**

(എ). വന്ധ്യം കരിക്കാത്ത നായ്ക്കളെ വാണിജ്യപരമായി പ്രജനനം നടത്തുകയും ആയതിൽ നിന്നുണ്ടാകുന്ന നായ്കുട്ടികളെ വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസിന് നിശ്ചിത ഫീസ് ഒടുക്കി ബ്രീഡർ ലൈസൻസ് കോർപ്പറേഷനിൽ നിന്നു കൈപറ്റേണ്ടതാണ്

(ബി). എല്ലാ ലൈസൻസികളും അവർക്ക് അനുവദിച്ചിട്ടുള്ള ലൈസൻസ് ടി സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(സി). ഏതു സ്ഥലത്താണോ നായ്ക്കളെ വാണിജ്യപരമായി പ്രജനനം നടത്തുന്നത് ടി സ്ഥാപനങ്ങൾ എപ്പോൾ വേണമെങ്കിലും കോർപ്പറേഷനിലെ ബന്ധപ്പെട്ട അധികാരികൾ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

(2.4). **ബ്രീഡർമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. നായയെ വളർത്തുന്ന ആൾ (ബ്രീഡർ) അവയുടെ പ്രജനനം ഭക്ഷണക്രമം, ആരോഗ്യം, സ്വഭാവം, പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് അറിവുള്ള വ്യക്തി ആയിരിക്കണം

2. പൂർണ്ണ ആരോഗ്യമുള്ള 18 മാസം പ്രായമായതും ഒരു മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയതുമായ നായയെ മാത്രമേ പ്രജനനത്തിനായി ഉപയോഗിക്കാൻ പാടുള്ളൂ.

3. ഒരു പെൺനായയേയും അതിന്റെ അടുത്തടുത്ത പ്രജനന കാലയളവിൽപ്രജനനത്തിനായി ഉപയോഗിക്കാൻ പാടില്ല.

4. വർഷത്തിൽ ഒരു പ്രസവം എന്ന രീതിയിൽ പ്രജനനം നിജപ്പെടുത്തേണ്ടതാണ്.

5. നായ്ക്കളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമേ വളർത്താൻ പാടുള്ളൂ.

6. നായ്ക്കളെ വളർത്തുന്ന സ്ഥാപനത്തിൽ കൃത്യമായ റജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

7. എല്ലാ നായ്ക്കുട്ടികളേയും 7–8 ആഴ്ച പ്രായമാവുമ്പോൾ തന്നെ പ്രതിരോധ കുത്തിവെപ്പ് നൽകേണ്ടതാണ്.

(2.5). **അപേക്ഷ ഫോറം**

അനുബന്ധത്തിലെ ഫോറം 1 കാണുക. നിശ്ചിത മാതൃകയി ലുള്ള അപേക്ഷ ഫോറത്തിൽ മാതൃമേ ലൈസൻസിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ

(2.6). **ലൈസൻസ് ഫീസ്**.

Rs.500/ നായ എന്ന തോതിൽ ലൈസൻസ് ഫീസ് ആയി നായയുടെ ഉടമസ്ഥൻ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.Rs: 1000 എന്ന തോതിൽ ബ്രീഡർ ലൈസൻസ് ഫീസ് ആയി നായയുടെ ഉടമസ്ഥൻ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.(മൈക്രോ ചിപ്പ് ഫീ ഉൾപ്പെടുന്നതല്ല)

(2.7). **ലൈസൻസ് അനുവദിക്കാനുള്ള മാനദണ്ഡം**

1. ലൈസൻസുള്ള നായയുടടെ ഉടമസ്ഥൻ ആയതിനെ തന്റെ ഉടമസ്ഥതയിലുള്ള സ്തലത്ത് കെട്ടിയിട്ടോ കൂട്ടിലിട്ടോ വളർത്തേണ്ടതാണ്.

2. ലൈസൻസ് അനുവദിക്കുന്നതോടൊപ്പം തന്നെ പ്രസ്തുത നായയെ മൈക്രോചിപ്പിങ്ങിനും വിധേയമാക്കുന്നതാണ്.

3. ഏതൊരാളും അയൽപക്കത്തുള്ള ആൾക്ക് ശല്യമോ ആപത്തോ ഉണ്ടാക്കുന്ന രീതിയിൽ തന്റെ നിയന്ത്രണത്തിലോ പരിസരത്തോ നായയെ വളർത്താൻ പാടില്ല.

4. കോർപ്പറേഷൻ പരിധിയിൽ ഒരാൾക്ക് പരമാവധി 10 നായ്ക്കളെ മാത്രമേ വാണിജ്യപരമല്ലാത്ത ആവശ്യങ്ങൾക്ക് വളർത്താൻ അനുവാദമുള്ളു. ഒന്നിൽ കൂടുതൽ നായ്ക്കളെ വളർത്തുമ്പോൾ ഓരോ നായ്ക്കും പ്രത്യേകം ലൈസൻസ് നേടേണ്ടതാണ്. ഏതെങ്കിലുംകാരണത്താൽ വളർത്തുന്ന നായ്ക്കളുടെ എണ്ണം 10ൽ **(വാണിജ്യപരമല്ലാത്ത)** കൂടുകയാണെങ്കിൽ ആയത് ഉടൻ തന്നെ രേഖാമൂലം കൗൺസിലിലനെ അറിയിക്കേണ്ടതാണ്. 10 ൽ കൂടുതൽ ഉള്ള നായ്ക്കളെ വളർത്തുവാനുള്ള പ്രത്യേക ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കൗൺസിൽ തീരുമാനത്തിന് വിധേയമായിരിക്കും.

5. കോർപ്പറേഷൻ വളർത്തു നായകൾക്കുള്ള ലൈസൻസ് അനുവദിക്കുന്നത് ഒരു വ്യക്തിക്ക് ഇയാൾ കോർപ്പറേഷനിൽ നൽകിയ അപേക്ഷയിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് വളർത്തുവാൻ വേണ്ടിയാണ്. അപ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസ് നായയുടെ ഉടമസ്ഥൻ തന്റെ വളർത്തു നായയെ കൈമാറ്റം ചെയ്താൽ ഉടമസ്ഥാവകാശമുള്ള വ്യക്തി ആയത് ഉടൻ തന്നെ കോർപ്പറേഷനെ മതിയായ രേഖയുമായി അറിയിക്കേണ്ടതും ലൈസൻസ് കൈമാറ്റം ചെയ്തു ലഭിക്കാനുള്ള അപേക്ഷ നൽകേണ്ടതുമാണ്

(2.8). **<u>ലൈസൻസ് അനുവദിക്കൽ/പുതുക്കൽ</u>**

1. ഓരോ വർഷവും ലൈസൻസ് പുതുക്കേണ്ടാതണ്

2. ലൈസൻസ് പുതുക്കാനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് 15 ദിവസം മുമ്പ് നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം വാക്സിനേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്

3. പേ വിഷ ബാധക്കെതിരായുള്ള കുത്തിവെപ്പുമൂലം ലഭിക്കുന്ന പ്രതിരോധ കാലയളവ് എത്രയാണോ ആ കാലയളവിലേക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ.

4. അപേക്ഷ ഫോറത്തിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതാണ്.

5. അനുവദിച്ചിട്ടുള്ള ലൈസൻസ് അനുബന്ധത്തിലെ 2 പ്രകാരം ഉള്ളതായിരിക്കണം.

(2.9). **<u>ലൈസൻസിന്റെ മാതൃക</u>**

അനുബന്ധത്തിലെ ഫോറം നമ്പർ 2 കാണുക

## പാർട്ട്-3-ബൈലോയുടെ നടപ്പാക്കൽ.

1. കോർപ്പറേഷൻ സെക്രട്ടറി 2001 ലെ മൃഗങ്ങളുടെ ജനനനിയന്ത്രണം (നായ്ക്കൾ) ചട്ടങ്ങൾ സെക്ഷൻ (7) പ്രകാരം അലഞ്ഞു തിരിയുന്ന നായകളെ പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2.
2. ബൈലോയിൽ പറയുന്ന സെക്രട്ടറിയുടെ അധികാരങ്ങൾ മറ്റു ഉദ്യോസ്ഥർക്ക് രേഖാമൂലം ഏൽപ്പിച്ച് കൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. ലൈസൻസ് നൽകുന്നതും പുതുക്കി നൽകുന്നതും സംബന്ധിച്ച് ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. (അനുബന്ധത്തിലെ ഫോറം 3 കാണുക

4. ഏതെങ്കിലും മൃഗത്തെ പേവിഷബാധയുള്ള നായയോ മറ്റ് മൃഗങ്ങളോ പേവിഷബാധ പകരുവാൻ തക്കവിധത്തിൽ കടിക്കുകയോ പോറൽ ഏൽപ്പിക്കുകയോ ചെയ്തു എന്ന് സംശയമോ അഭിപ്രായമോ ഉണ്ടെങ്കിൽ ആയത് എത്രയും പെട്ടെന്ന് മൃഗത്തിന്റെ ഉടമസ്ഥൻ/ കൈവശക്കാരൻ രേഖാ മൂലം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

5. ഏതെങ്കിലും നായക്ക് പേവിഷ ബാധയുടെ ലക്ഷണങ്ങൾ കാണിക്കുന്നു എന്ന് മൃഗ ഡോക്ടർക്ക് സംശയമോ അഭിപ്രായമോ ഉണ്ടെങ്കിൽ ഏത് സമയത്തും നശിപ്പിക്കാൻ കോർപ്പറേഷൻ സെക്രട്ടറിക്ക് ഉത്തരവിടാവുന്നതും നശിപ്പിക്കാവുന്നതുമാണ്

## പാർട്ട് -4 പിഴ/ശിക്ഷ

ഈ ബൈലോയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം നിയമലംഘനം നടത്തുന്ന ആളിൽ നിന്നും 500/-രൂപ യിൽ കവിയാതെയുള്ള പിഴ ഈടാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും സെക്രട്ടറിയിൽ നിന്ന് നോട്ടീസ് ലഭിച്ച ശേഷവും അങ്ങനെയുള്ള ലംഘനം തുടരുകയാണെങ്കിൽ തുടരുന്ന ഓരോ ദിവസത്തിനും 50/- രൂപയിൽ കവിയാത്ത പിഴയ്ക്കു ബാദ്ധ്യസ്ഥനായിരിക്കും.

## <u>പാർട്ട് –5 ബൈലോ ഭേദഗതി</u>

ബൈലോ ഭേദഗതി ചെയ്യുന്നതിനും കൂട്ടി ചേർക്കലുകൾ നടത്തുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

# ANEXURE

FORM: 1 (See Section 2.5 of Bylaw)

| | | | | | |
|---|---|---|---|---|---|
| KOZHIKODE MUNICIPAL COROPORATION | RECEIPT NO; | | | | |
| DOG LICENCING FORM | | | | | |
| **PARTICULARS OF THE OWNER** | | | | | |
| NAME | | | | | |
| DISTRICT | | LSGD | KOZHIKODE MUNICIPAL CORPORATION | | |
| HEALTH CIRCLE | | WARD NAME | | | |
| RESIDENCE ASSOCIATION NAME | | | | | |
| INSTITUTION NAME | | | | | |
| PHONE NUMBER | | EMAIL ID | | | |
| ADDRESS | | | | | |
| ID CARD TYPE | | ID CARD NO | | | |
| **DETAILS OF THE PET DOG** | | | | | |
| CHIP NO | | NAME OF DOG | | | |
| BREED | | | | SEX: | AGE: |
| COLOUR | | IDENTIFICATION | | | |
| NEUTERED | YES | NO | WILLINGNESS TO NEUTER(IF NOT NEUTERED) | YES | NO |
| OTHER DETAILS | | | | | |
| REMARKS | | | | | |
| | | | | | |
| **VACCINATIONS HISTORY** | | | | | |
| VACCINATION STATUS | | VACCINATION DATE | | | |

| | | | |
|---|---|---|---|
| VACCINE NAME & BATCH No. | | VACCINATION DUE DATE | |
| | | | |

**LICENCE DETAILS**

| | | | |
|---|---|---|---|
| LICENCE TYPE | ORDINARY | BREEDER | RENWAL |
| | | | |

**DECLARATION**

I do hereby certify that information furnished above are true to best of my knowledge.

Place:- Signature

Date:- Name & Address